'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം നഗരസഭയിലെ ചെന്തിട്ട സർക്കിൾ ഓഫീസിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ശ്രീ ആർ. അനിൽകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I- നെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശശ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2318/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/10/2019

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 04.07.2012 തീയതിയിലെ ഇ1(എസ്.സി 7/2012/TVM-Part A)14419/2012 നം.കത്ത്

2 25.10.2013 തീയതിയിലെ 59099/ഇയു2/12/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 21.02.2019 തീയതിയിലെ വി1-20269/2013 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ ചെന്തിട്ട സർക്കിൾ ഓഫീസിൽ 27.02.2012-ാം തീയതി വിജിലൻസ് ആന്റി ആന്റി കറപ് ഷൻ ബ്യൂറോ തിരുവനന്തപുരം സതേൺ റേഞ്ച് നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, നഗരസഭാ ജീവനക്കാരനായ ശ്രീ ആർ. അനിൽകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I-നെതിരേ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2പ്രകാരം കുറ്റാരോപണ മെമ്മോ/ പത്രിക നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3പ്രകാരം റിപ്പോർട്ട്

ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം ശ്രീ ആർ. അനിൽകുമാർസമർപ്പിച്ച പ്രതിവാദപത്രികപ്രകാരം വിശദമായി പരിശോധിച്ചു. ശ്രീ.ആർ. അനിൽകുമാറിന്റെ പക്കൽ നിന്നും കണക്കിൽ പ്പെടാതെയുള്ള 500/- രൂപ കണ്ടെത്തിയിട്ടുള്ളതായ ആരോപണത്തിന് ടിയാന്റെ വിശദീകരണം വസ്തുതാപരമല്ലായെന്ന് കണ്ടെത്തുകയുണ്ടായി.

3. ഈ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിലെ ചെന്തിട്ട സർക്കിൾ ഓഫീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ശ്രീ ആർ. അനിൽകുമാർ-നെതിരേയുള്ള ആരോപണത്തിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യജോയിന്റ് ഡയറക്ടറെ(ഭരണം), അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യജോയിന്റ് ഡയറക്ടർ(ഭരണം),(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Danji M

സെക്ഷൻ ഓഫീസർ